പി.പി റഫീന

## മഴയെഴുത്ത്

ഇന്നലത്തെ മഴയിൽ
കുതിർന്നു പോയത്
സ്വപ്നങ്ങളായിരുന്നു.
കൂട്ടിവെച്ച
എന്റെ സ്വപ്നങ്ങൾ.
എന്റെ സ്വപ്നങ്ങളെ
മഴ കരിച്ച് കളയുമ്പോഴും
മഴ നഷ്ടങ്ങളുടെ
ലാഭക്കണക്കെഴുതുകയായിരുന്നു



_ാപ്പു കൂട്ടിലങ്ങാടി

## കവിതകൾ

### വില
'വിലയേറിയ' വോട്ടുകൾ നൽകീട്ടെന്തു തന്നു?
"വിലയേറിയ നിത്യോപയോഗ സാധനങ്ങൾ തരു
ന്നില്ലേ!!"

### 'മീഡിയാ സിൻഡിക്കേറ്റ്'
പേന കൊണ്ട് കൊല്ലുന്നവനെ
തൂക്കിലേറ്റാൻ വകുപ്പില്ല. ഭാഗ്യം !

### നികുതി
കാത്തു രക്ഷിക്കാൻ കെൽപില്ലാത്തവനും
നോക്കു കൂലിക്കായ് കൈ നീട്ടും.

### മുൻ വിധി
കാക്ക ചിരിച്ചാലും വെറും കരച്ചിലാണ്
കുയില് കരഞ്ഞാൽ പാട്ടാണ് പോലും!